Rao Sahib K. Achyuta Menon *(Secretary to Government):* Even that cannot be said.

Mr. C. R. Iyyunni *(Trichur-South):* I ask you pointedly, because you said a decision is imminent.

Rao Sahib K. Achyuta Menon *(Secretary to Government):* I can only say that definite proposals have come, we have examined the proposals and the matter has been placed before the head of the administration for orders. A decision will be come soon.

Mr. C. R. Iyyunni *(Trichur-South):* Then am I to understand that no final decision has come to yet?

Mr. President: The two municipalities hold different views on the subject.

TIMBER AND OTHER ARTICLES—COCHIN POTTERIES—USE BY THE LESSEES

172. മിസ്റ്റർ സി. കെ. എസ്സ്. മണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് സദയം മറുപടിപറയുമോ.—

(എ) കൊച്ചിൻ പോട്ടറീസിൽ നിന്നും മരങ്ങളൊ മറ്റു വല്ല സാധനങ്ങളൊ എടുത്തുകൊള്ളുവാൻ ഇപ്പോഴത്തെ പാട്ടക്കാരെ അനുവദിച്ചിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾ എടുക്കുവാൻ അനുവദിച്ചിട്ടുണ്ടു് ?

മിസ്റ്റർ പി. വി. റാഫേൽ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

LABOURER IN COCHIN POTTERIES—ASSAULT ON

173. മിസ്റ്റർ വി. കെ. കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഉത്തരം സദയം നൽകുമോ.—

(എ) ചാലക്കുടി പോട്ടറീസിൽ "തൊഴിലാളിയെ അടിച്ചുവെന്നു" എന്ന തലക്കെട്ടിൽ ആഗസ്റ്റ് 22-ാംനു- വീരകേസരിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കുറിപ്പു് ഗവണ്മെണ്ടുശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പോട്ടറീസിലെ ഒരു ജോലിക്കാരനായ കുട്ടിയെ "എക്സ്പട്ട്" അടിച്ചു എന്നതിനെപ്പറ്റി വല്ല ആക്ഷേപമോ ആവലാതിയോ ലേബർ കമ്മീഷണർക്കു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ദേഹം ആ സംഗതിയെപ്പറ്റി വല്ല അന്വേഷണവും നടത്തിയോ;

(സി) കുട്ടിയെ അടിച്ചു എന്നും ആ കുട്ടി ആശുപത്രിയിൽ തന്നിമിത്തം ചികിത്സിക്കപ്പെടേണ്ടിവന്നുവെന്നും പറയുന്നതു ശരിയാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചാലക്കുടി പോലീസ് ഈ സംഗതിയെപ്പറ്റി വല്ല അന്വേഷണവും നടത്തിയോ ; നടത്തി എങ്കിൽ എന്തു നടപടിയാണു അന്വേഷണത്തിന്മേൽ അവർ സ്വീകരിച്ചതു് ;

(ഇ) കുട്ടിയെ അടിച്ചതായി പറയപ്പെടുന്നതു ശരിയാണെങ്കിൽ ടി എസ്റ്റേറ്റിന്റെ മേൽ ഗവമ്മെണ്ടോ ഫാക്ടറി മാനേജ്മെണ്ടോ എന്തു നടപടി എടുത്തുവെന്നു് പറയുമോ ?

മിസ്റ്റർ പി. വി. റാഫേൽ :

(എ) ഉവ്വ്.

(ബി) ഉവ്വ്.

(സി) അല്ല.

(ഡി) ഉവ്വ്. ഇൻസ്പെക്ടർ അന്വേഷിച്ചതിൽ അടിച്ചതു വാസ്തവമാണെന്നു തോന്നുന്നില്ലെന്നും സങ്കടമുണ്ടെങ്കിൽ കോടതിയിൽ അന്യായം കൊടുപ്പാൻ ഉപദേശിച്ചതായിട്ടുമാണു് റിപ്പോർട്ട്.

(ഇ) ഉത്തരമാവശ്യമില്ല.

LABOURERS IN COCHIN—COST OF LIVING INDEX—PREPARATION OF

174. മിസ്റ്റർ വി. കെ. കുട്ടി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമൊ.—

ക. (എ) കൊച്ചിയിൽ തൊഴിലാളികളുടെ ജീവിതച്ചിലവിന്റെ തോതു് (cost of living index) തയ്യാറാക്കി ഓരോ മാസവും പ്രസിദ്ധപ്പെടുത്തുവാൻ ഗവമ്മെണ്ടു് ഏർപ്പാടുചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇന്നത്തെ യുദ്ധകാല പരിതസ്ഥിതിയിൽ അതിന്നുള്ള പ്രാധാന്യതയെ മനസ്സിലാക്കി ഉടനെ ആ അത്യാവശ്യമായ വിവരം പ്രസിദ്ധപ്പെടുത്തുവാൻ ഗവമ്മെണ്ടു് ഉടനെ വേണ്ട ഏർപ്പാടു ചെയ്യുമൊ ; ലിവിംഗ് ഇൻഡെക്സ് തയ്യാറാക്കാത്തതു് ഒരു ക്ലാക്കില്ലാത്തതുകൊണ്ടാണെങ്കിൽ ഉടനെ ഒരു ക്ലാക്കിനെ അനുവദിച്ചുകൊടുക്കുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമൊ,

ഖ. (എ) ഈ വിഷയത്തെ സംബന്ധിച്ചു് ക ക ക നു കക്കടകം ട്രൻ-ാംസ്കയിലെ വീരകേസരിയിൽ "അത്യാവശ്യമാണു്" എന്ന തലക്കെട്ടിൽ എഴുതിയിരുന്ന കുറിപ്പു് ഗവമ്മെണ്ടു കണ്ടിട്ടുണ്ടോ ;

(ബി) ആ കുറിപ്പു കണ്ടതിനുശേഷം ആ സംഗതിയെപ്പറ്റി (ലിവിംഗ് ഇൻഡെക്സ് തയ്യാറാക്കുന്നതിനെപ്പറ്റി) വല്ല നടപടിയും എടുത്തുവൊ ; ഇല്ലെങ്കിൽ എന്തുകൊണ്ടു് ?

മിസ്റ്റർ പി. വി. റാഫേൽ :

ക. (എ) ഇല്ല.

(ബി) മദ്രാസ് ഗവമ്മെണ്ടിൽ നിന്നു് ജീവിതച്ചിലവിന്റെ തോതു് (cost of living index) അവരുടെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അവിടത്തെ ജീവിതച്ചിലവിന്റെ വർദ്ധന ഒട്ടുമുക്കാലും ഇവിടത്തേതിനോടു് തുല്യമാകയാലും, പ്രത്യേകിച്ചു്

LIBRARY ARCHIVES Kerala Legislative Assembly